# വിമലനാദം


മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

2018 ഡിസംബർ – 2019 മാർച്ച് പുസ്തകം 29, ലക്കം 1






നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ തിരുമേനിക്ക് ആശംസകൾ...

# വിമലനാദം

## മൂവാറ്റുപുഴ ഭദ്രാസന ബുള്ളറ്റിൻ

പുസ്തകം 29 | ലക്കം 1 | 2018 ഡിസംബർ – 2019 മാർച്ച്


*Patron:*
**Most Rev.Dr.Abraham Mar Julios**

*Co- Patrons:*
**Most Rev.Dr.Yoohanon Mar Theodosius**

**Msgr. Varghese Kunnumpurath**

*Editor:*
**Fr. Kuriakose Karuthedath**

*Technical Support:*
**Br. Akash Kailath**



കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുവിൻ,
അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.
(സങ്കീർത്തനം 34:8)

*Printed & Published by:*
Editor, Vimalanadam
Muvattupuzha Diocesan Centre, Mudavoor P.O., Muvattupuzha - 686 669
vimalanadam@gmail.com



# ഇടയസന്ദേശം

Lumen Gentium ൽ കുടുംബത്തെപ്പറ്റി പറയുന്നത്. ഗാർഹിക സഭയെന്നാണ് (L.g. Ch. 2) കുടുംബങ്ങൾ ഗാർഹിക സഭയാണെങ്കിൽ സഭയിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കുടംബങ്ങളിലും നടക്കണം. യോഹന്നാന്റെ സുവിശേഷത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന (14:16–17) സഹായകനെ കുടുംബങ്ങളിൽ നിറയ്ക്കണം. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ നമ്മുടെയൊക്കെ ക്രൈസ്തവ കുടുംബങ്ങളിൽ കണ്ടുകൊണ്ടിരുന്ന സന്ധ്യാനമസ്കാരവും പ്രഭാതത്തിൽ എഴുന്നേറ്റ് കുടുംബമായി വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ ദൈവാലയത്തിലേക്ക് പോകുന്നതും എല്ലാം ഓർമകളായി മാറുന്നു. കർത്താവിൽ പ്രിയരെ നമ്മിലും നമ്മുടെ ഭവനങ്ങളിലും ക്ഷയോന്മുഖമായികൊണ്ടിരിക്കുന്ന കുടുംബ പ്രാർത്ഥനയും ഉപവാസവും സംരക്ഷിക്കാം. വി. മത്തായി ശ്ലീഹായുടെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു. പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ വർഗ്ഗം പുറത്ത് പോവുകയില്ല. പ്രാർത്ഥനയിലും ഉപവാസത്തിലും അടിയുറച്ച് നമുക്ക് നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്താം. അതുവഴി വരുംതലമുറയെ ദൈവമക്കളാക്കി തീർക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.




✠ എബ്രഹാം മാർ ജൂലിയോസ്
മൂവാറ്റുപുഴ മെത്രാപ്പോലീത്ത

# MALANKARA CATHOLIC CHURCH

## DIOCESE OF MUVATTUPUZHA

### ഇടയലേഖനം

PL No 3/2018 **ക്രിസ്മസ്സ് 2018** Date: 15/12/2018

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മൂവാറ്റുപുഴ രൂപതയുടെ മെത്രാപ്പോലീത്താ ഏബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നും, നമ്മുടെ അധികാരത്തിൽ കീഴിലുള്ള വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാർക്കും, ബഹു. വൈദികർക്കും, സന്യാസിനികൾക്കും, വിശ്വാസികളേവർക്കും വാഴ്വ്.

വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, സന്യാസിനി സന്യാസികളേ, പ്രിയ സഹോദരീ സഹോദരന്മാരേ, വാത്സല്യ കുഞ്ഞുങ്ങളേ,

നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാളിന് സഭ നമ്മെ ഒരുക്കുന്നത്. രക്ഷകന്റെ വരവിനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന ഏതാനും വ്യക്തികളെ നമ്മുടെ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കുമായി നിരത്തിക്കൊണ്ടാണ് അവരെല്ലാം "നീതിമാൻമാരുടെ" പട്ടികയിലാണ്. സഖറിയ, ഏലീശുബാ, മറിയം, യൗസേപ്പ്, ഹന്നാ, ശിമയോൻ ഇവരെല്ലാം ദൈവത്തിന്റെ കല്പനകൾ ശ്രദ്ധാപൂർവ്വം പാലിക്കുകയും, ദൈവം പൂർവ്വപിതാക്കൻമാരോട് ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റുമെന്ന് പ്രതീക്ഷിച്ചുകഴിഞ്ഞവരാണ്. ആഴമായ വിശ്വാസമാണ് രക്ഷകനെ സ്വീകരിക്കുവാനുള്ള അവശ്യവ്യവസ്ഥ.

യേശുപിറക്കുന്നതിന് 750 വർഷംമുമ്പ് ഏശയ്യാ പ്രവാചകൻ പ്രാർത്ഥിച്ചു. "ദൈവമേ, ആകാശം പിളർന്ന് ഇറങ്ങിവരേണമേ" (64:1) സ്വർഗ്ഗങ്ങളേ മുകളിൽ നിന്നു പൊഴിയുക. ആകാശം നീതി ചൊരിയട്ടെ! ഭൂമി തുറന്ന് രക്ഷ മുളയ്ക്കട്ടെ! അങ്ങനെ നീതി സംജാതമാകട്ടെ! (45:8) ഇതു നീതിനിഷ്ഠനായി ഒരു രാജാവിന്റെ വരവിനു വേണ്ടിയുള്ള പ്രാർത്ഥനയാണ്. (ഏശ 11: 1–9) ലോകത്തിലെ എല്ലാ വലിയ രാഷ്ട്രങ്ങളും ഗവേഷണം നടത്തുന്ന ഒരു വിഷയമാണ് UFO (Unidentified Foreign Objects). രാത്രിയിൽ മറ്റു ഗ്രഹങ്ങളിൽ നിന്ന് ബുദ്ധിജീവികൾ രഹസ്യമായി നമ്മുടെ ഗ്രഹം സന്ദർശിക്കുകയും, വിവരങ്ങൾ ശേഖരിച്ച് തിരിച്ചുപോകുകയും ചെയ്യുന്നുവെന്നാണ് സങ്കൽപ്പം. അതിവിദൂരതയിൽ സ്ഥിതി ചെയ്യുന്ന ഗ്യാലക്സികളിൽ ബുദ്ധിജീവികളുണ്ടെങ്കിൽ, അവരുടെ സന്ദേശങ്ങൾ സ്വീകരിക്കാനായി പോളാർ ടെലിസ്കോപ്പുകളും ആന്റിനകളും ലോകത്തിന്റെ പലഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. പരലോകത്തെക്കുറിച്ച് ഇത്ര ആകാംക്ഷാപൂർവ്വം

അന്വേഷിക്കുന്ന മനുഷ്യന്, എന്തുകൊണ്ട് "മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗം ചായിച്ചിറങ്ങിവന്ന മഹോന്നതനെക്കുറിച്ച്" (യാക്കോബിന്റെ അനാഫുറ അവസാന പ്രാർത്ഥന) അന്വേഷണമില്ല.

സങ്കീർത്തകൻ പാടി: "കവാടങ്ങളെ ശിരസ്സുയർത്തുവിൻ, പുരാതന കവാടങ്ങളേ ഉയർന്നുനിൽക്കുവിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ." ആരാണ് മഹത്വത്തിന്റെ രാജാവ്? സൈന്യങ്ങളുടെ കർത്താവുതന്നെ. അവിടുന്നാണ് മഹത്വത്തിന്റെ രാജാവ് (24 : 910)

പാപം മൂലം കഠിനമായ ഹൃദയങ്ങളാണ് മാനസാന്തരത്തിലൂടെ കർത്താവിനായി തുറന്നിടേണ്ടത്. അങ്ങനെയാണ് സ്നാപകയോഹന്നാൻ ക്രിസ്തുവിന്റെ വരവിനുവേണ്ടി മനുഷ്യരെ ഒരുക്കിയത്. നമ്മുടെ വ്യക്തി ജീവിതങ്ങളിലും , സഭയിലും സമൂഹത്തിലും, ദൃശ്യമാകുന്നത് ശിഥിലമായ ബന്ധങ്ങളും നഷ്ടീഭവിച്ചുകൊണ്ടിരിക്കുന്ന സമാധാനവുമാണ്. നോമ്പും, ഒരുക്കത്തോടുകൂടിയുള്ള അനുരഞ്ജനകൂദാശയുടെ സ്വീകരണവും നഷ്ടപ്പെട്ട കൃപയും സമാധാനവും തിരിച്ചുപിടിക്കാനുള്ള അവസരമാണ്. നമ്മുടെ ദൈവം വിദൂരസ്ഥനല്ല. ദൈവം മനുഷ്യനായ നിമിഷം മുതൽ അവൻ "അമ്മാനുവേൽ" ആണ്. നമ്മുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കുചേരുന്ന പാപമൊഴികെ എല്ലാക്കാര്യങ്ങളിലും അവൻ നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ്. അക്കാരണത്താൽ നമ്മുടെ ബലഹീനതകളിൽ സഹതപിക്കുവാൻ സാധിക്കുന്നു. (ഹെബ്രാ. 4: 16: 5:3) അതാണ് ക്രിസ്മസിന്റെ സദ്വാർത്ത.

ദാരിദ്രവും രോഗവും മൂലം വലയുന്നവർ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. ദരിദ്രനായി ജനിക്കുകയും, ജീവിക്കുകയും, മരിക്കുകയും ചെയ്ത കർത്താവിനെ പ്രതി നമുക്കുള്ളത് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ സന്നദ്ധരാകണം. അതാണ് യഥാർത്ഥമായ ക്രിസ്മസ് സമ്മാനം.

ഏവർക്കും ക്രിസ്മസ്സിന്റെ അനുഗ്രഹങ്ങളും സമാധാനവും നേരുന്നു. ആഗതമാകുന്ന നവവത്സരത്തിൽ ദൈവം നമ്മുടെ പാദങ്ങളെ സമാധാനത്തിന്റെ മാർഗ്ഗത്തിൽ നയിക്കുമാറാകട്ടെ!.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നാമെല്ലാവരോടും കൂടെ സദാ വർദ്ധിക്കുമാറാകട്ടെ. ആയത് നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയും ദൈവമാതാവുമായ പരി. കന്യാമറിയാമിന്റെയും നമ്മുടെ കാവൽപിതാവായ മാർ തോമാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ.

ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...

+ Mar Julios

വിമലഗിരി ഭദ്രാസന മന്ദിരം
മൂവാറ്റുപുഴ

+ എബ്രഹാം മാർ ജൂലിയോസ്
മൂവാറ്റുപുഴ മെത്രാപ്പൊലീത്ത

# MALANKARA CATHOLIC CHURCH
## DIOCESE OF MUVATTUPUZHA

## CIRCULAR

Prot No CL 1/2019 Date: 25/02/2019

## മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം

**വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!**

കർത്താവായ യേശുക്രിസ്തു മൂലകല്ലായി "അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ട" (എഫേ 2:20) സഭ സ്വഭാവത്താൽതന്നെ സുവിശേഷകയാണ്. അതിനാൽതന്നെ സഭാമക്കൾ എല്ലാവരും പ്രേഷിതരാണ്. "നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ" (മർക്കോ. 6:15) എന്ന യേശുക്രിസ്തുവിന്റെ തിരുമൊഴി അനുസരിച്ച് മാർതോമ്മാശ്ലീഹാ ഭാരതത്തിൽ കടന്നുവന്ന് നമ്മുടെ കർത്താവിന്റെ സുവിശേഷം നമുക്ക് കൈമാറി. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തിരുമേനി ഭാരതത്തിന്റെയും, ലോകം മുഴുവന്റെയും സുവിശേഷീകരണത്തിനായി ആഗ്രഹിച്ചു പ്രാർത്ഥിച്ചു. നമുക്ക് സംലഭ്യമായ ഈ സുവിശേഷവെളിച്ചം തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടണം. ഈ ലക്ഷ്യത്തോടെ 2011-ലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രഥമ സഭാ അസംബ്ലിയിൽ രൂപപ്പെട്ട പ്രാർത്ഥനാനിർഭരമായ വിചിന്തനങ്ങളുടെ അടിസ്ഥാനത്തിൽ 'സുവിശേഷ സംഘം' സഭയിൽ രൂപീകൃതമായത്. മൂവാറ്റുപുഴ രൂപതയിൽ 2011-നു മുമ്പു തന്നെ തുടക്കം കുറിച്ച മലങ്കര സുവിശേഷസംഘത്തിന്റെ ഒദ്യോഗികമായ അംഗീകാരമായി ഇതിനെ ദർശിക്കാനാകും.

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം 2012 ജനുവരി മാസം മുതൽ പ്രവർത്തനം ആരംഭിച്ച് ഇപ്പോൾ ഏഴ് വർഷം പൂർത്തിയായിരിക്കുന്നു. 2018 ഡിസംബർ വരെയുള്ള കണക്കനുസരിച്ച് 888 വ്യക്തികൾ സഭാതലത്തിലും ഭദ്രാസനതലത്തിലും പരിശീലനം നേടി കൈവയ്പ്പ് സ്വീകരിച്ചിരിക്കുന്നു. കൂടാതെ നിരവധിപേർ കൈവയ്പ്പിനായി പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. സുവിശേഷസംഘാംഗങ്ങളുടെ വിവിധ ശുശ്രൂഷാ വേദികളെക്കുറിച്ച് ബഹുമനപ്പെട്ട വൈദികരെ അറിയിക്കുന്നതിനാണ് ഈ സർക്കുലർ അയക്കുന്നത്.

**1. വിശുദ്ധഗ്രന്ഥത്തിന്റെ വിശുദ്ധ വായന (Lectio Divina) മാർ ഈവാനിയോസ് ബൈബിൾ മിനിസ്ട്രി**

വി. ലിഖിതം വായിക്കുവാനും, ധ്യാനിക്കുവാനും, പ്രാർത്ഥിക്കുവാനും, പ്രവർത്തിയിലാക്കുവാനും ഉതകുന്ന വി. ഗ്രന്ഥത്തിന്റെ വിശുദ്ധ വായനാരീതി (Lectio Divina) ഇടവകകളിൽ വിശ്വാസികളെ പരിശീലിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് മാർ ഈവാനിയോസ് ബൈബിൾ മിനിസ്ട്രിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഓരോ ഇടവകയിലും ഇതിന്റെ പരിശീലനം നൽകുന്നതിനായി സുവിശേഷസംഘ ഡയറക്ടർ നേരിട്ട് വരുന്നതായിരിക്കും. അതിനുശേഷം ഓരോ ഇടവകയുടെയും താൽപര്യമനുസരിച്ച് രണ്ടാഴ്ചയിൽ ഒരിക്കലോ മാസത്തിൽ ഒരിക്കലോ സുവിശേഷസംഘാംഗങ്ങൾ കടന്നുവന്ന് തുടർ പരിശീലനം നടത്തുന്നതായിരിക്കും. ഈ ശുശ്രൂഷയ്ക്കായി കടന്നുവരുന്ന എല്ലാ വിശ്വാസികളെയും കൊണ്ട് വി. ബൈബിൾ ഭാഗം വ്യാഖ്യാനിപ്പിക്കുകയും, പ്രാർത്ഥിപ്പിക്കുകയും, സാക്ഷ്യം പറയിപ്പിക്കുകയും ചെയ്യുന്നതാണ്. ഇപ്രകാരം വായിച്ച വേദഭാഗം ധ്യാനിക്കാനും, വിചിന്തനം ചെയ്യാനും, പ്രാർത്ഥിക്കാനും, സാക്ഷ്യം പറയാനും, ജീവിക്കാനും വിശ്വാസികളെ വ്യക്തിപരമായി ഈ ശുശ്രൂഷമധ്യേ ഒരുക്കുന്നതാണ്. ഓരോ ഇടവകയിലും Lectio Divina ഗ്രൂപ്പുകൾ രൂപപ്പെടുത്താൻ വികാരിയച്ചന്മാർ സുവിശേഷസംഘ ഡയറക്ടറുമായി ബന്ധപ്പെട്ട് പ്രായോഗിക ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

**2. ഭവനസന്ദർശന ശുശ്രൂഷ**

2014 മുതൽ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ഭവനസന്ദർശന ശുശ്രൂഷ നിർവഹിച്ചുവരുന്നു. ഇതിനോടകം 659 ദേവാലയങ്ങളിൽ ഞായറാഴ്ചയിൽ സുവിശേഷസംഘം ധ്യാനം നടത്തുകയും ഈ ദേവാലയങ്ങളിലെ 43396 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷസംഘത്തിന്റെ ആധ്യാത്മികത പങ്കുവയ്ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഇനിയും സന്ദർശിക്കാനുള്ള ഇടവകകളിൽ വികാരിയച്ചന്മാർ താത്പര്യമെടുത്ത് സുവിശേഷസംഘ ഡയറക്ടറുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**3. സുവിശേഷസംഘാംഗങ്ങളുടെ ശുശ്രൂഷാവേദികൾ**

സുവിശേഷ സംഘാംഗങ്ങളായി കൈവയ്പ്പ് സ്വീകരിച്ചവർക്ക് ഇടവകകളിൽ വിവിധ ശുശ്രൂഷകൾ ചെയ്യാൻ സാധിക്കും. സുവിശേഷസംഘാംഗങ്ങൾക്ക് അവരുടെ ഇടവകയിൽ നിർവഹിക്കാവുന്ന വിവിധ ശുശ്രൂഷാ വേദികളെക്കുറിച്ച് സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

**1. രോഗി സന്ദർശനം**

ഇടവകയിലും ഇടവകയ്ക്കു പുറത്തുമുള്ള രോഗികളുള്ള ഭവനങ്ങളിലും, അതുപോലെ വാർദ്ധക്യത്തിൽ തനിച്ചുകഴിയുന്ന വ്യക്തികളുടെ ഭവനങ്ങളിലും സുവിശേഷസംഘാംഗങ്ങൾ സന്ദർശനം നടത്തി അവർക്ക് ആശ്വാസ വചനം നൽകുവാനും പ്രാർത്ഥിക്കുവാനും സാധിക്കും. രോഗികളായി ആശുപത്രിയിൽ കഴിയുന്നവരെ സുവിശേഷസംഘാംഗങ്ങൾക്ക് സന്ദർശിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കും. ഇക്കാര്യങ്ങൾക്ക് വികാരിയച്ചന്മാർ വേണ്ട നിർദേശങ്ങൾ നൽകി

സുവിശേഷസംഘാംഗങ്ങളെ ഒരുക്കേണ്ടതാണ്.

**2. ഭവനസന്ദർശനം**

സുവിശേഷസംഘാംഗങ്ങൾ രണ്ടോ മൂന്നോ പേരുടെ നേതൃത്വത്തിൽ ദേവാലയത്തോട് പല കാരണങ്ങളാൽ അകന്നു നിൽക്കുന്ന ഭവനങ്ങളിലും, പ്രശ്നങ്ങളിലും, പ്രതിസന്ധികളിലും, ദാരിദ്ര്യത്തിലും, കടബാധ്യതയിലും കഴിയുന്ന ഭവനങ്ങളിലും മറ്റു ഭവനങ്ങളിലും സന്ദർശനം നടത്തുവാനും അവരെ കേൾക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സാധിക്കും.

**3. സന്ധ്യാപ്രാർത്ഥന ഭവനങ്ങളിൽ**

സുവിശേഷസംഘാംഗങ്ങൾ ഭവനങ്ങളിൽ കടന്നുചെന്ന് ഭവനാംഗങ്ങളോട് ചേർന്ന് സന്ധ്യാപ്രാർത്ഥനയും തുടർന്ന് (Lectio Divina) വി. ഗ്രന്ഥത്തിന്റെ വി. വായനയും നടത്തി ഒന്നിച്ച് പ്രാർത്ഥിക്കാൻ സാധിക്കും. വേദപുസ്തകഭാഗം വായിക്കാനും ധ്യാനിക്കാനും, പ്രാർത്ഥിക്കാനും ഭവനങ്ങളിൽ ചെന്ന് പരിശീലിപ്പിക്കാൻ ഇതുവഴി സാധിക്കും.

**4. വചനപ്രഘോഷണ ശുശ്രൂഷ**

ഇടവകയിലെ പ്രാർത്ഥനാശുശ്രൂഷകൾ, മാതൃസമാജം, വെള്ളിയാഴ് പ്രാർത്ഥനകൾ, ഉപവാസ പ്രാർത്ഥനകൾ എന്നീ അവസരങ്ങളിൽ ആവശ്യാനുസരണം വചനം വ്യാഖ്യാനിക്കുവാനും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകാനും സുവിശേഷസംഘാംഗങ്ങൾക്ക് സാധിക്കും. വികാരിമാർ ഈ മേഖലകളിൽ വ്യക്തികളുടെ കഴിവനുസരിച്ച് അവരെ നിയോഗിക്കാവുന്നതാണ്.

**5. മധ്യസ്ഥപ്രാർത്ഥനാ ഗ്രൂപ്പുകൾ**

ഇടവകയിലെ ഓരോ ഭവനങ്ങൾക്കുവേണ്ടിയും ഇടവകയുടെ ചുറ്റുപാടുള്ള ഭവനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ മധ്യസ്ഥപ്രാർത്ഥനാഗ്രൂപ്പ് രൂപീകരിക്കാനും അതിനു നേതൃത്വം നൽകാനും സുവിശേഷസംഘാംഗങ്ങൾക്ക് സാധിക്കും. വിവിധ ദേവാലയങ്ങളിൽ സുവിശേഷ സംഘാംഗങ്ങളുടെ നേതൃത്വത്തിൽ മധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പുകൾ സജീവമായിട്ടുണ്ട്.

**6. മാർ ഈവാനിയോസ് പ്രേയർ മിനിസ്ട്രി (കബർ)**

2016 ജൂലൈ മുതൽ പട്ടം സെന്റ് മേരീസ് കത്തീഡ്രലിനോട് ചേർന്നുള്ള ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കൽ രാവിലെ 9 മുതൽ വൈകിട്ട് 5 മണിവരെ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ ദിവസവും മധ്യസ്ഥ പ്രാർത്ഥന നടത്തിവരുന്നു. ഓരോ ഇടവകയിൽ നിന്നുമുള്ള സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിലാണ് ഈ ശുശ്രൂഷ നടത്തുന്നത്. ഫോണിൽകൂടി പ്രാർത്ഥന നിയോഗങ്ങൾ വിളിച്ചുപറഞ്ഞാൽ ആ നിയോഗം ഉടൻതന്നെ പ്രാർത്ഥനക്കാരെ അറിയിക്കുന്നതിന് ഒരു സന്യാസിനി കബറിൽ ശുശ്രൂഷ ചെയ്യുന്നു. പ്രാർത്ഥനാ നിയോഗം അറിയിക്കുവാനുള്ള ഈ ഫോൺ നമ്പർ ഇടവകജനത്തെ അറിയിക്കേണ്ടതാണ് – ഫോൺ : 8281512877. സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഇടവകയിലെ താത്പര്യമുള്ളവരെ ചേർത്ത് കബറിൽ വർഷത്തിൽ ഒരിക്കൽ പ്രാർത്ഥിക്കാൻ വികാ

രിമാർ ക്രമീകരണം ചെയ്യുന്നത് അനുഗ്രഹപ്രദമാണ്.

### 7. വ്യക്തിപരമായ ശുശ്രൂഷകൾ

മുകളിൽ പറഞ്ഞ ശുശ്രൂഷകൾ കൂടാതെ സ്വന്തം ഇടവകയിലും ചുറ്റുപാടിലും വ്യത്യസ്ഥങ്ങളായ നിരവധി ശുശ്രൂഷചെയ്യാൻ സുവിശേഷസംഘാംഗങ്ങൾക്കു സാധിക്കും. ഇടവകയുടെ ചുറ്റുപാടിൽ സഹായം ആഗ്രഹിക്കുന്ന ഏതൊരു വ്യക്തിക്കും സഹായം വാഗ്ദാനം ചെയ്ത് സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കുവാൻ ഒരു സുവിശേഷസംഘാംഗത്തിന് സാധിക്കും.

ഓരോ സുവിശേഷസംഘാംഗത്തിന്റെയും പ്രത്യേകതകളും, കഴിവുകളും, ആത്മീകതയും മനസിലാക്കി വിവിധ ശുശ്രൂഷകൾ നിർവഹിക്കുവാൻ പക്വതയുള്ളവരെ കണ്ടെത്തി ഈ ശുശ്രൂഷയ്ക്ക് നിയോഗിക്കുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം വികാരിയച്ചന്മാർക്കാണ്. അതിനാൽ വികാരിയച്ചന്മാർ ഇക്കാര്യത്തിൽ വിവേകപൂർണമായ തീരുമാനങ്ങൾ എടുക്കാൻ കടപ്പെട്ടിരിക്കുന്നു. ശുശ്രൂഷയിൽ പരിമിതി ഉണ്ടെങ്കിൽ അവരെ തിരുത്തുവാനും പ്രോത്സാഹിപ്പിക്കാനും വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും ദൈവാനുഗ്രഹം ആശംസിക്കുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



✠ **ഏബ്രഹാം മാർ യൂലിയോസ്**

മൂവാറ്റുപുഴ രൂപതയുടെ അദ്ധ്യക്ഷൻ

# FOR YOUR INFORMATION

REV. FR. THOMAS ADATTUKUDIYIL, a priest who belongs to the Eparchy of Muvattupuzha, (S/o Mr.Paulose & Mrs.Annamma, born on 01-12-1956 at Chelakkara, Adattukudiyil, Kurumala P.O., Chelakkara, Trissur, 680 586) had been absconding from the Eparchy Muvattupuzha from 2016 onwards. The whereabouts of Fr. Thomas is unknown till this day. All correspondences official and personal enquiries regarding his whereabouts ended futile.

Consequently, considering his illegal absence from the Eparchy of Muvattupuzha and priestly responsibilities for a long period of time, as per Code of Canons of the Eastern Churches, the Code of Particular Canons of the Syro-Malankara Catholic Church, and the More Particular Norms the Eparchy of Muvattupuzha and in consultation with appropriate eparchial organs, we hereby state that THOMAS ADATTUKUDIYIL is neither a priest of the Eparchy of Muvattupuzha nor of the Syro-Malankara Catholic Church.

Further,we hereby state that Eparchy of Muvattupuzha will not be liable to the acts committed by the Thomas Adattukudiyil.

Given from the Curia Office of Eparchy of Muvattupuzha

12-02-2019

P.S നമ്മുടെ ഭദ്രാസന കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾ 2019 ജനുവരി 1 മുതൽ മൂവാറ്റുപുഴ വാഴപ്പിള്ളിയിൽ പണികഴിപ്പിച്ചിട്ടുള്ള പുതിയ കേന്ദ്രത്തിലേക്ക് മാറ്റുന്നതാണ്. മൈനർ സെമിനാരിയും സമൃദ്ധിയുടെ കേന്ദ്ര ഓഫീസും കീഴില്ലത്ത് തുടർന്നു പ്രവർത്തിക്കുന്നതാണ്. രൂപതാ സംബന്ധമായ കത്തിടപാടുകൾ 2019 ജനുവരി ഒന്നുമുതൽ **“Muvattupuzha Diocesan Centre, Mudavoor.P.O, Muvattupuzha- 686669** എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്.

പ്രിയ ബഹുമാനപ്പെട്ട അച്ചാ/ട്രസ്റ്റി,

ഈസ്റ്റർ മംഗളങ്ങൾ ആശംസിക്കുന്നു. 2018–19 സാമ്പത്തികവർഷം മാർച്ച് 31 ന് അവസാനിക്കുകയാണല്ലോ. ആയതിനാൽ ഏപ്രിൽ മാസം ആദ്യ ആഴ്ചകളിൽതന്നെ കമ്മറ്റി കൂടേണ്ടതും, കണക്ക് പാസ്സാക്കി പൊതുയോഗത്തിൽ അജണ്ട നിശ്ചയിക്കേണ്ടതും, വാർഷിക പൊതുയോഗം നിയമാനുസൃതം ഏപ്രിൽ 30 ന് മുമ്പായി നടത്തേണ്ടതുമാണ്. കണക്കും, പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഇടവകസമിതി അംഗങ്ങളുടെ ലിസ്റ്റും അംഗീകാരത്തിനായി അരമനയിൽ സമർപ്പിക്കണം. തിരട്ടിനൊപ്പം കണക്കുപുസ്തകങ്ങളും, ബാങ്ക് പാസ്സ്ബുക്കും കരം അടച്ച രസീതും ഹാജരാക്കേണ്ടതാണ്.

പള്ളികളുടെയും സ്ഥാപനങ്ങളുടേയും ഒറിജിനൽ ആധാരങ്ങൾ രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതും ഫോട്ടോകോപ്പി എടുത്ത് അതതു സ്ഥലങ്ങളിൽ സൂക്ഷിക്കേണ്ടതുമാണ്. സ്ഥാപനങ്ങളുടെയും, എസ്റ്റേറ്റുകളുടെയും കണക്കുകൾ 2019 ഏപ്രിൽ 30–ന് മുൻപ് പ്രൊക്യുറേറ്ററിനെ ഏല്പിക്കേണ്ടതാണെന്ന് പ്രത്യേകം അറിയിക്കുന്നു.

2018–19 സാമ്പത്തികവർഷം അരമനയിൽ അടയ്ക്കേണ്ട വിഹിതങ്ങളുടെ ലിസ്റ്റും തീയതിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സെമിനാരി ദിനം | – ഏപ്രിൽ 8 |
| 2. | അൽമായ ദിനം | – മേയ് 6 |
| 3. | സൺഡേ സ്കൂൾ ദിനം | – ആഗസ്റ്റ് 5 |
| 4. | സാമൂഹ്യനീതി ഞായർ | – ആഗസ്റ്റ് 19 |
| 5. | യുവജനദിനം | – ഒക്ടോബർ 7 |
| 6. | മിഷൻ ഞായർ | – ഒക്ടോബർ 21 |
| 7. | മാധ്യമ ദിനം | – നവംബർ 18 |
| 8. | ബൈബിൾ ഞായർ | – ഡിസംബർ 30 |
| 9. | കാതോലിക്കാ ദിനം | – ഫെബ്രുവരി 3 |
| 10. | തിരുബാലസഖ്യദിനം | – ഫെബ്രുവരി 10 |
| 11. | വിവാഹ വരുമാന വിഹിതം | – |
| 12. | ഇടവക വരുമാനത്തിന്റെ 15 ശതമാനം | – |

എന്ന്,

സ്നേഹപൂർവ്വം

**ഫാ. കുര്യാക്കോസ് മുളകുകൊടിയിൽ**

രൂപതാ പ്രൊക്യുറേറ്റർ

# 2018 RE-UNION DAY CONTRIBUTION FROM PARISHES & INDIVIDUALS UPTO 28-02-2019

| DATE | INCOME-RECIEPTS | CASH |
|---|---|---|
| 4/9/2018 | Philip Kadamala | 25,000.00 |
| 4/9/2018 | Bishop's Parish visit | 10,000.00 |
| 15/4/18 | Aby Kunnakurudy | 10,000.00 |
| 20/4/18 | St.Mary's church - Olavakode | 10,000.00 |
| 5/9/2018 | Bava Thirumeni | 25,000.00 |
| 5/9/2018 | H.Ex.Mar Julios | 10,000.00 |
| 5/9/2018 | H.Ex.Mar Theodosius | 10,000.00 |
| 6/11/2018 | Jintu&Binu Poothrika | 2,000.00 |
| 18/6/18 | Vimala English Vidyalaya-Nedumangad | 10,000.00 |
| 2/14/2019 | Vimalagiri Public School-Kothamangalam | 70,000.00 |
| 22/6/18 | Mercy Teacher Easwarankudiyil | 25,000.00 |
| 27/6/18 | St.Paul's Church-Mattampuram | 15,000.00 |
| 27/6/18 | St.Mary's church -Karuvankadu | 15,000.00 |
| 8/28/2018 | H.Ex.Mar Julios | 165,000.00 |
| 17/7/18 | Mar Ivanious Malankara Mission-Vienna | 40,320.00 |
| 18/7/18 | H.Ex.Mar Theodosius | 100,000.00 |
| 24/7/18 | D. M Convent - Vettickal | 10,000.00 |
| 24/7/18 | Stella Mary School- Vettickal | 10,000.00 |
| 24/7/18 | D. M. Convent Superior- Vettickal | 30,000.00 |
| 8/9/2018 | Joy Varghese | 1,000.00 |
| 8/9/2018 | Holy Spirit Sisters-Kothamangalam | 10,000.00 |
| 13/8/18 | M. J. Varghese-Ekm | 1,000.00 |
| 13/8/18 | Elby Manuel -Ekm | 200.00 |
| 13/8/18 | P. T. Vincent -Ekm | 200.00 |
| 13/8/18 | C. K. Mathew-Ekm | 3,000.00 |
| 13/8/18 | Samkutty David-Ekm | 1,000.00 |
| 13/8/18 | Mariamma Varghese-Ekm | 100.00 |
| 13/8/18 | C. D. Zacharia-Ekm | 1,000.00 |
| 13/8/18 | Abraham Zacharia-Ekm | 1,500.00 |
| 13/8/18 | T. C. Philip-Ekm | 5,000.00 |

| | | |
|---|---|---|
| 13/8/18 | T. C. Mathew-Ekm | 5,000.00 |
| 13/8/18 | Varghese M. K -Ekm | 500.00 |
| 13/8/18 | K.G. Rajan-Ekm | 1,000.00 |
| 13/8/18 | Edizon. G. Varghese-Ekm | 5,000.00 |
| 13/8/18 | P. V. Jacob-Ekm | 2,500.00 |
| 13/8/18 | Babu G. P.-Ekm | 500.00 |
| 13/8/18 | David John-Ekm | 5,000.00 |
| 13/8/18 | Manu John-Ekm | 1,000.00 |
| 13/8/18 | Thressiamma Abraham-Ekm | 500.00 |
| 13/8/18 | Saji Valakuzhi-Ekm | 25,000.00 |
| 13/8/18 | Kochumon Thomas-Ekm | 5,000.00 |
| 13/8/18 | Shinu M Joseph-Ekm | 500.00 |
| 13/8/18 | C.T. Antony-Ekm | 1,000.00 |
| 13/8/18 | Varghese Mathai-Ekm | 2,000.00 |
| 13/8/18 | Benedict George-Ekm | 2,000.00 |
| 13/8/18 | Kumari George-Ekm | 2,000.00 |
| 13/8/18 | Varghese George-Ekm | 2,000.00 |
| 13/8/18 | M. M. Samuel-Ekm | 4,000.00 |
| 13/8/18 | P. J. Thomasukutty-Ekm | 1,000.00 |
| 13/8/18 | M. K. Varghese-Ekm | 1,000.00 |
| 13/8/18 | John Thomas-Ekm | 2,000.00 |
| 13/8/18 | Thressiamma John -Ekm | 2,500.00 |
| 13/8/18 | V. M. Baby-Ekm | 1,000.00 |
| 13/8/18 | Reji Thomas-Ekm | 1,000.00 |
| 13/8/18 | A. T. Cherian-Ekm | 500.00 |
| 13/8/18 | L. P. Varghese-Ekm | 2,500.00 |
| 13/8/18 | Philipose P.S -Ekm | 2,000.00 |
| 13/8/18 | Jacobkutty P. G -Ekm | 2,000.00 |
| 13/8/18 | K. J Mathew-Ekm | 1,000.00 |
| 13/8/18 | George Mathew-Ekm | 1,000.00 |
| 22/8/18 | Sony Ninan - Kalamassery | 5,000.00 |
| 24/8/18 | Bethany Convent, Anchelpetty | 6,500.00 |
| 24/8/18 | Bethany Convent, Kunnikurudy | 5,000.00 |
| 24/8/18 | Bethany Convent, Keezhillam | 70,000.00 |

| | | |
|---|---|---|
| 24/8/18 | Bethany Convent, Kolenchery | 5,000.00 |
| 24/8/18 | Bethany Convent, Kolenchery School | 5,000.00 |
| 24/8/18 | Bethany Convent, Holy Family Kunnamkulam | 12,000.00 |
| 24/8/18 | Bethany Holy Family School | 13,000.00 |
| 24/8/18 | Bethany Peechi Convent | 10,000.00 |
| 24/8/18 | Bethany Karimba Convent | 3,000.00 |
| 24/8/18 | Bethany Karimba School | 10,000.00 |
| 24/8/18 | Bethany Convent, Kalewadi | 3,500.00 |
| 24/8/18 | Bethany Convent, Dehuroad | 5,000.00 |
| 24/8/18 | Dehuroad School | 25,000.00 |
| 24/8/18 | St.Joseph's -Kunnamkulam | 12,000.00 |
| 24/8/18 | Bethany Germany | 80,000.00 |
| 24/8/18 | Bethany Dehuroad School | 20,000.00 |
| 28/8/18 | ST.Mary's Church-Kombazha-Bishop's Visit | 20,000.00 |
| 28/8/18 | H.Ex.Mar Theodosius 100 Euro@70 | 7,000.00 |
| 28/8/18 | Nikhil M .K | 25,000.00 |
| 28/8/18 | Lindo Thomas | 25,000.00 |
| 28/8/18 | Liji Lindo | 10,000.00 |
| 28/8/18 | Jeeva Nikhil | 10,000.00 |
| 28/8/18 | Nimisha jijo | 5,000.00 |
| 28/8/18 | Riju David | 3,000.00 |
| 28/8/18 | Chacko. T. Varghese-Kakkanad | 200,000.00 |
| 11/9/2018 | Jose Parumoottil,Bangalore | 5,000.00 |
| | **Total** | **1,298,320.00** |
| | **FEDERAL BANK KEEZHILLAM** | **CHEQUE** |
| 21/6/18 | Mary Kurian-Kalamassery | 20,000.00 |
| 21/6/18 | Edizon G Varghese-Ekm | 25,000.00 |
| 30/6/18 | Arogyamatha Church-Kinnathikadav | 10,000.00 |
| 30/6/18 | Exarchate of St.Ephrem | 100,000.00 |
| 30/6/18 | Kovoor Punnen Jacob | 25,000.00 |
| 7/6/2018 | Bethany Provincialate-Keezhillam | 500,000.00 |
| 7/6/2018 | J.P Abraham Padipurackal | 10,000.00 |
| 7/11/2018 | Dr.Rex Thomas/Deepa Mary | 50,000.00 |
| 23/7/18 | S H Provincial-Kothamangalam | 10,000.00 |

| | | |
|---|---|---|
| 23/7/18 | Kurishumala Ashram | 20,000.00 |
| 7/2/2018 | C K Mathew-Ekm | 5,000.00 |
| 7/11/2018 | Direct Bank | 10,000.00 |
| 7/12/2018 | Mother Provincial | 50,000.00 |
| 17/7/18 | Diocese of Bethery | 100,000.00 |
| 8/3/2018 | Sunny | 100,000.00 |
| 13/8/18 | Babu k. m-Ekm | 5,000.00 |
| 13/8/18 | Thomasukutty-Ekm | 25,000.00 |
| 13/8/18 | Alphonsa John-Ekm | 10,000.00 |
| 13/8/18 | Adv.Thomas Mathew-Ekm | 10,000.00 |
| 8/9/2018 | Franciscan Brothers - Tvm | 25,000.00 |
| 9/8/2018 | Holy spirit sisters -Thiruvalla | 25,000.00 |
| 13/8/18 | Direct Bank | 50,000.00 |
| 13/8/18 | D. M Convent-Venniyoor | 50,000.00 |
| 12/3/2018 | George | 50,000.00 |
| 28/8/18 | Eparchy Of U S A -$ 3000 | 215,547.00 |
| 9/9/2018 | Mother General F D S H J | 50,000.00 |
| 18/9/18 | St.Thomas church -Kongad | 50,300.00 |
| 10/5/2018 | Antony | 15,000.00 |
| 10/1/2018 | St.Mary's mcc -Doha/Qatar | 200,000.00 |
| 18/9/18 | ST.Mary's church-Olavakod | 26,600.00 |
| | **TOTAL BANK RECIEPTS** | **1,842,447.00** |
| | **Re-Union Day Contribution From Parishes** | |
| | **Kunnamkulam(dist)** | |
| 18/9/18 | ST.Mary's Church-Kattilapoovam | 29,570.00 |
| 18/9/18 | St.Mary's Church-Kunnamkulam | 20,350.00 |
| 18/9/18 | St.George's church-Anjoor | 12,600.00 |
| 18/9/18 | St.Michael's church -Kachithodu | 18,700.00 |
| 18/9/18 | St.George's church-Kallumpuram | 16,200.00 |
| 18/9/18 | St.George's church-Vazhani | 8,100.00 |
| 10/1/2018 | St.George's church-Kalappra | 10,000.00 |
| 10/26/2018 | Christ The King-Kondazhy | 35,900.00 |
| | **Total-Cash** | **151,420.00** |
| | **Karimba** | |



**88–ാമത് പുനരൈക്യ വാർഷികം**

















# മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിന്റെ നിർമ്മാണപ്രവർത്തനം
















ഭദ്രാസന കാര്യാലയത്തിന്റെ കൂദാശ
(06–12–2018)




പ്രളയബാധിത സ്ഥലങ്ങളിൽ സഹായവിതരണം



വൈദികരുടെ വാർഷികധ്യാനം, പീച്ചി



എം.സി.വൈ.എം. യുവജനദിനാഘോഷം, പിറവം

| | | |
|---|---|---|
| 18/9/18 | Holy Family church -Kanjikulam | 50,000.00 |
| 18/9/18 | St Jude church -Mannarkad | 10,000.00 |
| 18/9/18 | St.Joseph's church-Jellipara | 6,000.00 |
| 18/9/18 | St.Joseph's church-Irumbamutty | 20,950.00 |
| 18/9/18 | St.George's church-Chirackalpady | 16,700.00 |
| 18/9/18 | St.Mary's church-Karimba | 148,130.00 |
| | **Total-Cash** | **251,780.00** |
| | **Piravom** | |
| 18/9/18 | St.Thomas church-Ezhakaranad | 6,850.00 |
| 18/9/18 | St.Peter's & St.Paul's church-Neeramukal | 55,250.00 |
| 18/9/18 | St.Mary's church-Piravom | 25,000.00 |
| 18/9/18 | St.Mary's church-Onakoor | 20,000.00 |
| 18-9/18 | St.Thomas church-Peruva | 15,000.00 |
| 18/9/18 | Nithya sahaya Matha church-Mamalassery | 17,400.00 |
| 18/9/18 | St.Mary's church-Perumbadavam | 2,655.00 |
| 18/9/18 | St.Paul's church-Veliyanad | 40,000.00 |
| 18/9/18 | St.Mary's church-Vettickal | 100,000.00 |
| 18/9/18 | St.Peter's & St.Paul's church-Monappally | 5,250.00 |
| 18/9/18 | St.Mary's church-Kakkanadu | 32,600.00 |
| 18/9/18 | St.Jude's church-Kalamassery | 61,454.00 |
| 26/9/18 | St.Mary 's church-Anchelpetty | 12,000.00 |
| | **Total-Cash** | **393,459.00** |
| | **Muvattupuzha** | |
| 18/9/18 | St.John's church-Aluva | 28,300.00 |
| 19/9/18 | Devamatha church-Pothanicadu | 10,000.00 |
| 19/9/18 | St.Peter's church-Pambakuda | 25,250.00 |
| 19/9/18 | St.Mary's church-Kottapuram | 10,000.00 |
| 19/9/18 | St.Jame's church-Poothrikka | 30,550.00 |
| 19/9/18 | St.Joseph's Cathedral-Muvattupuzha | 23,555.00 |
| 19/9/18 | St.Paul's church-Thammanimattom | 11,050.00 |
| 19/9/18 | St.Thomas church-Valakom | 11,350.00 |
| 19/9/18 | St.Thomas church-Muringoor | 7,670.00 |
| 19/9/18 | Santhom church-Perumbavoor | 11,150.00 |
| 19/9/18 | St.Thomas church -Keezhillam | 23,850.00 |

| | | |
|---|---|---|
| 21/9/18 | St.Thomas church-Puthupanam | 12,300.00 |
| 27/9/2018 | St Sebastian's church - Nellimattom | 2,000.00 |
| 27/9/18 | St.Lawrance Church-Valara | 3,000.00 |
| 10/1/2018 | St.George's Church -Kunnakurudy | 86,650.00 |
| 10/1/2018 | St.Mary's Church-Mazhuvannoor | 15,000.00 |
| | **Total-Cash** | **311,675.00** |
| | **Peechi** | |
| 18/9/18 | St George's church- Peechi | 50,000.00 |
| 18/9/18 | St.Joseph's church-Elanad | 5,000.00 |
| 18/9/18 | St.Mary's church-Kallepadam | 5,000.00 |
| 18/9/18 | St.George's church-Marottichal | 5,500.00 |
| 18/9/18 | St.Mary's church-Mannamangalam | 15,205.00 |
| 18/9/18 | St.George's church-Chakund | 15,000.00 |
| | **Total-Cash** | **95,705.00** |
| | **By Sale Of Banners** | |
| 8/4/2018 | St.Lawrance Church-Valara | 350.00 |
| 8/4/2018 | St.Sebastian's Church-Nellimattom | 350.00 |
| 8/4/2018 | St George's Church-Chathamattom | 350.00 |
| 8/4/2018 | St.Mary's Church- Kothamangalam | 350.00 |
| 8/4/2018 | Vimalagiri Public School - Kothamangalam | 450.00 |
| 8/4/2018 | Holy Spirit Convent -Kothamangalam | 350.00 |
| 6/8/2018 | Bethany -provincial House-Keezhillam | 450.00 |
| 13/8/ 18 | St.Mary's Church-Mannamangalam | 800.00 |
| 13/8/ 18 | St.Mary's Church-Onakkoor | 800.00 |
| 13/8/ 18 | St.Joseph's Church- Piravom | 800.00 |
| 13/8/ 18 | M S M I T I,Piravom | 450.00 |
| 13/8/ 18 | St.Thoma's Church- Ekm | 800.00 |
| 13/8/ 18 | St.Mary's Church- Anchelpetty | 800.00 |
| 13/8/ 18 | Irumbamutty&Chirakalpady | 1,000.00 |
| 13/8/ 18 | Devamatha Church-Pothanikkad | 800.00 |
| 2/9/18 | St.George's Church- Kunnakurudy | 1,350.00 |
| 2/9/18 | St.Peter's&St.Paul's Church-Neeramukal | 800.00 |
| 2/9/18 | Bethany Convent-Kunnakurudy | 500.00 |
| 2/9/18 | Bethany Convent- Anchelpetty | 450.00 |

| | | |
|---|---|---|
| 2/9/18 | St.Joseph's School-Piravom | 500.00 |
| 2/9/18 | Bethany School-Karimba | 800.00 |
| 2/9/18 | Kanjikulam-Parish | 800.00 |
| 2/9/18 | Keezhillam Parish | 800.00 |
| 2/9/18 | Perumbavoor Parish | 800.00 |
| 2/9/18 | Vengola Parish | 800.00 |
| 2/9/18 | Puthupanam Parish | 1,250.00 |
| 2/9/18 | Karuvankadu school | 900.00 |
| 2/9/18 | Karuvankadu Parish | 350.00 |
| 2/9/18 | Mattampuram Parish | 350.00 |
| | **Total-Cash** | **19,350.00** |
| | **GRAND TOTAL** | **4,364,156.00** |

| **Date** | **2018-Re-Union Celebration-Expenses-Payments** | **AMOUNT** |
|---|---|---|
| 2/28/2018 | Art&Craft Work | 165,000.00 |
| 5/18/2018 | Kit transporting T.A | 1,000.00 |
| 10/7/2018 | Receipt& Envelope | 10,012.00 |
| 8/26/2018 | T.A-Bava Tirumeni | 20,000.00 |
| 8/26/2018 | Driver | 1,000.00 |
| 9/28/2018 | Refreshment | 1,500.00 |
| 9/28/2018 | Light&Sound/Pandal | 19,450.00 |
| 9/29/2018 | Publicity | 138,400.00 |
| 12/6/2018 | Flood Relief Fund to Bava Thirumeni(25%) | 1,078,539.00 |
| 12/18/2018 | Photos & videos | 4,000.00 |
| | **Total Expenses** | **1,438,901.00** |

# ഭദ്രാസന വാർത്തകൾ

**സഭാസിനഡ് മൂവാറ്റുപുഴയിൽ**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 23–ാമത് എക്സ്ട്രാ ഓർഡിനറി സിനഡ് മൂവാറ്റുപുഴ രൂപതയുടെ പുതുതായി നിർമ്മിച്ച അരമനയിൽ വച്ച് ഡിസംബർ 6, 7 തീയതികളിലായി നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ മോറാൻമോർ ബസേലിയോസ് ക്ലിമിസ് ബാവ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന സിനഡിൽ സഭയിലെ എല്ലാ പിതാക്കന്മാരും സംബന്ധിച്ചു.

**മൂവാറ്റുപുഴ ഭദ്രാസനകാര്യാലയം കൂദാശ ചെയ്യപ്പെട്ടു.**

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിന്റെ കൂദാശ 2018 ഡിസംബർ 6–ാം തീയതി ഉച്ചകഴിഞ്ഞു 3.30–ന് സഭയുടെ തലവനും പിതാവുമായ മോറാൻമോർ ബസേലിയോസ കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാർമികത്വത്തിലും മറ്റ് സഭാപിതാക്കന്മാരുടെ സഹകാർമികത്വത്തിലും നടത്തപ്പെട്ടു. ഭദ്രാസന കാര്യാലയവും മെത്രാസന മന്ദിരവും ഉൾപ്പെടുന്ന ഈ സമുച്ചയത്തിലായിരിക്കും ഇനിമുതൽ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഭരണനിർവഹണ ഓഫീസുകൾ പ്രവർത്തിക്കുന്നത്. 2003–ൽ റോം മൂവാറ്റുപുഴ ഭദ്രാസനം സ്ഥാപിച്ചപ്പോൾ തന്നെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആസ്ഥാനമായി നിശ്ചയിച്ചിരുന്നു. ആ സ്വപ്നം യാഥാർഥ്യമാക്കുന്നതിന് കഴിഞ്ഞ 15 വർഷമായി ഭദ്രാസനമൊന്നാകെ അക്ഷീണം പരിശ്രമത്തിലായിരുന്നു. മൂവാറ്റുപുഴയുടെ സമഗ്രവികസനത്തിൽ ഭദ്രാസനവും പങ്കുചേരുക എന്ന പൊതുചിന്തയും ഭദ്രാസനകാര്യാലയം ഇവിടെസ്ഥാപിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നായിരുന്നു. ഈ സാമൂഹിക കരുതലിന്റെ ഭാഗമായി ഉത്ഘാടനദിവസം തന്നെ സമൂഹത്തിലെ ഏറ്റവും നിർധനരായ മനുഷ്യർക്കുവേണ്ടി പണികഴിപ്പിച്ച 21 ഭവനങ്ങളുടെ താക്കോൽ കൈമാറ്റവും നടത്തപ്പെട്ടു. ഭദ്രാസന കാര്യാലയത്തിൽ മതബോധനകേന്ദ്രം, സ്കൂൾകോർപ്പറേറ്റ് ഓഫീസ്, ഭദ്രാസന വികാരി ജനറാൾ ഓഫീസ്, ജുഡീഷ്യൽവികാരി, സെക്രട്ടറി, ചാൻസലർ, പ്രൊക്കുറേറ്റർ എന്നിവരുടെ ഓഫീസുകൾ പ്രവർത്തിക്കുന്നു. ലൈബ്രറി, കോൺഫറൻസ്ഹാൾ, ഗസ്റ്റ്റൂമുകൾ, ചാപ്പൽ, ബിഷപ്പ്സ് ഓഫീസ് എന്നിവയുൾപ്പെടെ ഭദ്രാസനകാര്യാലയം പ്രവർത്തന സജ്ജമായിരിക്കുന്നു. ഭദ്രാസന കാര്യാലയത്തിന്റെ കൂദാശകർമത്തിൽ തിരുവല്ല അതിഭദ്രാസന മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ് അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർക്രിസോസ്റ്റം, മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബത്തേരി ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ്, ഗുഡ്ഗാവ് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ്, മാർത്താണ്ഡം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ്, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ്, പുത്തൂർ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ മക്കാറിയോസ്, പൂനെ ഖഡ്കി എക്സാർക്കേറ്റ് അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ്, പത്തനംതിട്ട ഭദ്രാസനത്തിന്റെ കോ–അഡ്ജുത്തോർ ബിഷപ് അഭിവന്ദ്യ സാമുവൽമാർ ഐറേനിയോസ് എന്നിവരോടൊപ്പം സിറോ–മലബാർ സഭയുടെയും ലത്തീൻ സഭയുടെയും അഭിവന്ദ്യ പിതാക്കന്മാരും വിവിധ ഭദ്രാസനങ്ങളുടെ

വികാരിജനറാൾമാർ, കോറെപ്പിസ്കോപ്പാ മാർ എന്നിവരും മൂവാറ്റുപുഴ ഭദ്രാസനത്തിലെ വികാരി ജനറാൾ ബഹു മോൺ. വർഗീസ് കുന്നുംപുറത്തും ബഹു. വൈദികരും സന്യസ്തരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും വിവിധ പ്രേഷിത സംഘടനാ നേതാക്കളും പങ്കെടുത്തു. കൂദാശാ കർമ്മത്തിന് മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യഡോ. എബ്രഹാം മാർ യൂലിയോസ് സ്വാഗതപ്രസംഗവും മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ് അഭിവന്ദ്യ ഡോ. തോമസ് മാർകൂറിലോസ് തിരുമേനി അനുഗ്രഹ പ്രഭാഷണവും അത്യഭിവന്ദ്യമോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ളീമിസ് കാതോലിക്കാ ബാവ ഉത്ഘാടന സന്ദേശവും നൽകി. മൂവാറ്റുപുഴ ഭദ്രാസനത്തിലെ കോ-അഡ്ജുത്തോർ ബിഷപ് അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

### നാമഹേതുകതിരുനാൾ ആഘോഷിച്ചു

മൂവാറ്റുപുഴ രൂപത പിൻതുടർച്ചാവകാശമുള്ള സഹായമെത്രാൻ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ജനുവരി 11–ാം തീയതി രാവിലെ സെന്റ് ജോസഫ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മൂവാറ്റുപുഴ രൂപത വൈദീകരോടൊപ്പം അഭിവന്ദ്യ യൂഹാനോൻ പിതാവ് വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ ജൂലിയോസ് മെത്രാപ്പോലീത്ത ആശംസകൾ അർപ്പിച്ചു. തുടർന്ന് രൂപതയിലെ വിവിധ ഭക്തസംഘടന പ്രതിനിധികൾ പിതാവിന് ആശംസകൾ നേർന്നു.

### പൗരോഹിത്യ ജൂബിലി ആഘോഷിച്ചു.

മോൺ. റവ. ഫാ. വർഗ്ഗീസ് കുന്നുംപുറവും, രൂപത മുൻ വികാരി ജനറാലുമായ റവ. ഫാ. ഐസക് കോച്ചേരിയും തങ്ങളുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു. വൈദീകർക്ക് രൂപതയുടെ പ്രാർത്ഥനാമംഗളങ്ങൾ.

### വാർഷിക ധ്യാനം

മൂവാറ്റുപുഴ രൂപത വൈദീകരുടെ വാർഷികധ്യാനം പീച്ചി പാസ്റ്ററൽ സെന്ററിൽ വച്ച് ഒക്ടോബർ 8 മുതൽ 12 വരെ നടത്തപ്പെട്ടു. തലശ്ശേരി രൂപതാ വൈദീകനായ റവ.ഫാ. മാത്യു ആശാരിപറമ്പിൽ ആണ് ധ്യാനം നയിച്ചത്.

### ക്രിസ്തുമസ് ഒരുക്കധ്യാനം

മൂവാറ്റുപുഴ രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന വൈദീകരുടെ ക്രിസ്തുമസ് ഒരുക്കധ്യാനം ഡിസംബർ 16, 17 തീയതികളിലായി പീച്ചി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ. ജോൺ മരിയദാസ് O. Carm ആണ് ധ്യാനം നയിച്ചത്.

### റവ.ഫാ. ജേക്കബ് കുട്ടപ്ലാക്കിൽ നിര്യാതനായി.

മൂവാറ്റുപുഴ രൂപതയിലെ സീനിയർ വൈദീകൻ ബഹുമാനപ്പെട്ട ജേക്കബ് കുട്ടപ്ലാക്കിൽ (74) വാർദ്ധക്യസഹജമായ രോഗങ്ങളാൽ 15-12-2018 ശനിയാഴ്ച കർത്താവിൽ നിദ്ര പ്രാപിച്ചു. അച്ചൻ തിരുവല്ല അതിരൂപതയുടെ മെത്രാനായിരുന്ന ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഇളയ സഹോദരനാണ്.

തിരുവല്ല അതിരൂപതയിൽ മാരാമൺ, കുറിയന്നൂർ, ഇരവിപേരൂർ, പുറമറ്റം, ആയിരൂർ, കൂത്താട്ടുകുളം എന്നീ ഇടവകകളിലും, ബത്തേരി രൂപതയിൽ മാനന്തവാടി, കമ്മന, ചേരൂർ, കോറോം, പന്നിച്ചാൽ, നിലമ്പൂർ, കരുളായി, മൈലാടുംപ്പൊട്ടി, മൂത്തേടം, ഉപ്പട, എരുമമുണ്ട, ചോക്കാട് എന്നീ ഇടവകകളിലും, മൂവാറ്റുപുഴ രൂപതയിൽ

ചുവന്നമണ്ണ്, കൊമ്പഴ, ചക്കുണ്ട്, അടിപ്പെരണ്ട, കുന്ദംകുളം, കുന്നക്കുരുടി, കോതമംഗലം, പെരുമ്പാവൂർ, പുതുപ്പനം, വാളകം, മഴുവന്നൂർ, പാമ്പാക്കുട, അഞ്ചൽപ്പെട്ടി, പിറവം, വെട്ടിയ്ക്കൽ, പോത്താനിക്കാട് എന്നീ പളളികളിലും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

18-12-2018 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് വെളിയനാട് സെന്റ് പോൾസ് മലങ്കര കത്തോലിക്ക പളളിയിൽ വച്ച് ശവസംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. കാലം ചെയ്ത ഐസക് മാർ യൂഹാനോൻ തിരുമേനി, നിര്യാതനായ കെ.വി. പൗലോസ്, കെ.വി. എബ്രഹാം എന്നിവർ സഹോദരങ്ങളും നിര്യാതയായ മേരി ജോൺ, അന്നമ്മ, കുഞ്ഞുമോൾ എന്നിവർ സഹോദരികളുമാണ്.

# വിദ്യാഭ്യാസ വകുപ്പ്

### കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

സ്കൂളുകൾ എല്ലാം നല്ല നിലവാരത്തിൽ മുൻപോട്ട് പോകുന്നു. 2017-2018 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ സ്കൂളുകളും 100% വിജയം നേടി.

ജീർണ്ണാവസ്ഥയിലായിരുന്ന ഉടുമ്പന്നൂർ സെന്റ് ജോസഫ്സ് എൽ.പി. സ്കൂൾ കെട്ടിടം മേൽക്കൂര പൊളിച്ചുമാറ്റി പുതുക്കി പണിതു. ക്ലാസ്സുകൾ ടി കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങി. തിരുവാണിയൂർ സെന്റ് ഫിലോമിനാസ് ഹൈസ്കൂളിൽ അത്യാവശ്യം വേണ്ടിയിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി.

### പ്രത്യേക അറിയിപ്പ്

മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകാവുന്ന അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾക്ക് താല്പര്യപ്പെടുന്ന നിശ്ചിത യോഗ്യതയുളള ഇടവകാംഗങ്ങൾ വികാരിയച്ചന്റെ സാക്ഷിപത്രത്തോടുകൂടി അവരുടെ പേരുകൾ മാനേജ്മെന്റ് കാര്യാലയത്തിൽ 2019 മാർച്ച് 31 ന് മുമ്പായി രജിസ്റ്റർ ചെയ്യണമെന്നറിയിക്കുന്നു.

### ബൈബിൾ കോഴ്സ്

ബൈബിൾ പഠിക്കാൻ താത്പര്യമുളളവർക്കായി ബൈബിൾ കോഴ്സ് തുടങ്ങാൻ ആഗ്രഹിക്കുന്നു. താത്പര്യമുളളവർ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ ഫാ. അഗസ്റ്റിൻ തടവിളയെ അറിയിക്കുക.

### ലോഗോസ് ക്വിസ് 2018

ഈ വർഷത്തെ ലോഗോസ് ക്വിസ് ഇടവകതലത്തിൽ സെപ്റ്റംബർ മാസം 30 ന് ഉച്ചകഴിഞ്ഞ് 2.00 ന് നടത്തപ്പെട്ടു. ഇടവക തലത്തിൽ നടത്തപ്പെട്ട ലോഗോസ് ക്വിസിൽ 25 ഇടവകകളിൽ നിന്നായി 740 പേർ പങ്കെടുത്തു.

## സമൃദ്ധി മൂവാറ്റുപുഴ രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി

### പ്രളയാനന്തര സഹായം

സമൃദ്ധിയുടെ കീഴിൽ വരുന്ന വിവിധ പ്രദേശങ്ങളിൽ പ്രളയത്തിന് ശേഷം നാശ

നഷ്ടങ്ങൾ നേരിട്ടവർക്കും പ്രളയത്തിന്റെ ദുരന്തങ്ങൾ അനുഭവിച്ചവർക്കും കൈത്താങ്ങായി സമൃദ്ധി ഒട്ടേറെ സഹായ പരിപാടികൾ നടപ്പിലാക്കി. കാരിത്താസിന്റെ സഹായത്തോടെ അർഹരായ 1000 കുടുംബങ്ങൾക്ക് അവശ്യ സാധനകിറ്റ് വിതരണം ചെയ്തു. രൂപതയിലെ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ഭക്ഷ്യോത്പന്നങ്ങൾ, വസ്ത്രങ്ങൾ, മരുന്നുകൾ, ഗാർഹീക വസ്തുക്കൾ എന്നിവ മൂവാറ്റുപുഴയിലും മറ്റ് പ്രദേശങ്ങളിലും വിതരണം ചെയ്തു. രൂപതയിലെ എം.സി.വൈ.എം. അംഗങ്ങളേയും മറ്റ് വോളണ്ടിയേഴ്സിനെയും ഏകോപിപ്പിച്ച് വിവിധ സ്ഥലങ്ങളിൽ ക്ലീനിംഗ് പ്രവർത്തനങ്ങൾ നടത്തി. ഇതിനോടനുബന്ധിച്ച് തന്നെ ഒക്ടോബർ ആദ്യവാരം മൂവാറ്റുപുഴയിൽ വച്ച് ഒരു മെഡിക്കൽ ക്യാമ്പ് നടത്തി. തമിഴ്നാട് സോഷ്യൽ സർവ്വീസ് ഫോറത്തിൽ നിന്ന് ലഭിച്ച അഞ്ച് ലക്ഷം രൂപ പ്രളയത്തിൽ കൂടുതൽ നാശനഷ്ടങ്ങളുണ്ടായ കുടുംബങ്ങൾക്ക് വരുമാനമാർഗമെന്ന് രീതിയിൽ ആടുകളേയും കൂടോടുകൂടി 25 കോഴികളെയും 9 കുടുംബങ്ങൾക്ക് നവംബർ മാസം 5–ാം തീയതി നല്കി.

### തേനീച്ച കൃഷി

തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുന്നതിനുമായ് നവംബർ 1–ാം തീയതി തേനീച്ച വളർത്തലിന്റെ സാധ്യതകളേയും പരിപാലനരീതിയും സംബന്ധിച്ച് ഒരു അർദ്ധദിന ക്ലാസ് വെങ്ങോലയിൽ വച്ച് നടത്തി. ഇതിനോടനുബന്ധിച്ച് തിരഞ്ഞെടുക്കപ്പെട്ട 5 കുടുംബങ്ങൾക്ക് തേനീച്ചയും കൂടും നൽകുകയുണ്ടായി.

### കൂൺകൃഷി

കരിമ്പ റീജിയണിന്റെ നേതൃത്വത്തിൽ കൂൺകൃഷി പരിശീലനവും വിതരണവും കരിമ്പ റീജിയണൽ ഓഫീസിൽ വച്ച് നടത്തി.

### വാട്ടർഷെഡ് പ്രോഗ്രാം

വാട്ടർഷെഡിന്റെ ഭാഗമായ് തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് കിണർ റീച്ചാർജിംഗിന് സബ്സിഡി വിതരണം ചെയ്തു.

### എയ്ഡ്സ് ദിനാചരണം

സമൃദ്ധിയുടെ നേതൃത്വത്തിൽ ഡിസംബർ 1 എയ്ഡ്സ് ദിനത്തിൽ എയ്ഡ്സ് ദിന സന്ദേശറാലിയും ബോധവൽക്കരണവും കോട്ടയത്ത് നടത്തപ്പെട്ടു. പ്രസ്തുത പരിപാടി ശ്രീ. വി.എം. സുധീരൻ ബഹുമാനപ്പെട്ട മുൻ കെ.പി.സി.സി. പ്രസിഡന്റ് പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു.

### വിധവ പരിശീലന പരിപാടി

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹകരണത്തോടെ 50 വയസ്സിൽ താഴെയുള്ള വിധവകൾക്കായി ഒരു ഏകദിന ക്ലാസ്സ് വിവിധ റീജിയനുകളിൽ സംഘടിപ്പിക്കുകയുണ്ടായി. വിവിധ റീജിയണുകളിൽ നിന്നായി 198 വിധവകൾ പ്രസ്തുത ക്ലാസ്സിൽ പങ്കെടുക്കുകയുണ്ടായി. വെങ്ങോലയിൽ വച്ച് നടന്ന മൂവാറ്റുപുഴ റീജിയണിന്റെ ക്ലാസ്സ് മുൻ വനിതാകമ്മീഷൻ അംഗവും മാർ ബസേലിയോസ് കോളേജ് അദ്ധ്യാപികയുമായിരുന്ന ആദരണീയയായ ലിസി ജോസ് ആണ് നയിച്ചത്.

### സേവ് എ ഫാമിലി പ്ലാൻ

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായ് അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിക്കുയും

പ്രളയത്തിൽ നാശനഷ്ടമുണ്ടായ കുടുംബങ്ങൾക്ക് ഊന്നൽ നൽകി. അവരുടെ വിവരങ്ങൾ ശേഖരിക്കുകയും ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് സേവ് എ ഫാമിലി പ്ലാൻ ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

# സുവിശേഷ സംഘം

### കൈവയ്പ് ശുശ്രൂഷ നൽകി

2018 ഡിസംബർ 7-ാം തീയതി മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് മോറാൻ മോർ ബസേലിയോസ് കർദ്ദനാൾ ക്ലീമിസ് കാതോലിക്കാബാവായുടെയും സഭയിലെ മറ്റ് മെത്രാപ്പോലീത്താമാരുടെയും സാന്നിദ്ധ്യത്തിൽ രൂപതയിലെ രണ്ടാമത്തെ ബാച്ചിലെ 23 പേർ സമൂഹബലി മദ്ധ്യേ കൈവയ്പ് സ്വീകരിച്ചു.

| നം | പേര് | വീട്ടുപേര് | ഇടവക |
|---|---|---|---|
| 1 | സിസ്റ്റർ മേരി ഫിലോമിന | | (ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്) |
| 2 | സി.റ്റി. ജോയ് | ചിറമുഖത്ത് | മൂവാറ്റുപുഴ |
| 3 | മോഹൻ പോൾ | കരോട്ടെകാരിക്കൽ | വെട്ടിക്കൽ |
| 4 | ഷാജുമോൻ എം.പി. | നടുക്കുടിയിൽ | അഞ്ചൽപ്പെട്ടി |
| 5 | മത്തായി പത്രോസ് | മീമ്പാട്ടുമറ്റത്തിൽ | ഏഴക്കരനാട് |
| 6 | ഷിബുരാജു സഖറിയ | നെല്ലിക്കാലയിൽ | എറണാകുളം |
| 7 | ബാബു കയ്യാനിക്കൽ | കയ്യാനിക്കൽ | അഞ്ചൽപ്പെട്ടി |
| 8 | ഫിലിപ്പ് കുര്യാക്കോസ് | പാലമറ്റം | ആലുവ |
| 9 | സണ്ണി പി.പി. | പുത്തൻപുരയിൽ | വട്ടായി |
| 10 | കെ.ഡി. അപ്പച്ചൻ | കോളക്കണ്ടത്തിൽ | മുരിങ്ങൂർ |
| 11 | ബൈജു തോമസ് | പുത്തൻപുരയിൽ | വട്ടായി |
| 12 | ബിന്ദു ചാക്കോ | തടത്തിൽ | കാക്കനാട് |
| 13 | എൽസി ജോയി | ചിറമുഖത്ത് | മൂവാറ്റുപുഴ |
| 14 | മേഴ്സി ജോർജ്ജ് | ഈശ്വരൻകുടിയിൽ | കുന്നക്കുരുടി |
| 15 | മേരി ജേക്കബ് | ഞാറക്കാടൻ | നീറാമുകൾ |
| 16 | സാലി ജോർജ്ജ് | വടശ്ശേരിൽ | വെട്ടിക്കൽ |
| 17 | എലിസബത്ത് പി. സാമുവൽ | പൈനുംമൂട്ടിൽ | കളമശ്ശേരി |
| 18 | വിൻസി തോമസ് | പാലമുറ്റം | ആലുവ |
| 19 | ബിജി മോഹനൻ | കരോട്ടെകാരിക്കൽ | വെട്ടിക്കൽ |
| 20 | മോളി രാജു | കോരപ്പിള്ളിൽ | പിറവം |
| 21 | ഫ്രിൻസി ഡാനിയൽ | കൈതയിൽ | പിറവം |
| 22 | ലിനോ ജോർജ്കുട്ടി | തെക്കേതിൽ | കാക്കനാട് |
| 23 | അന്നമ്മ ബേബി | അയ്യംകുളങ്ങര | അഞ്ഞൂർ |

### ഭവന സന്ദർശനം

സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ നീറമുകൾ, പെരുവ, പെരുമ്പടവം എന്നീ ഇടവകയിൽ ഭവനസന്ദർശനം നടത്തി.

### പുതിയ ബാച്ചിലേക്കുള്ള പ്രവേശനം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആധ്യാത്മികത അതിന്റെ മൗലീക അർത്ഥത്തിൽ ആഴത്തിൽ ജീവിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടു എന്ന് ബോധ്യപ്പെടുകയും യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യം വച്ച് ജീവിക്കുകയും സുവിശേഷ ശുശ്രൂഷ നിർവ്വഹിക്കുകയും നിത്യരക്ഷയെ നോക്കി പാർക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷ സംഘം. രൂപതാ തലത്തിലുള്ള സുവിശേഷസംഘത്തിന്റെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം 2019 ജനുവരി മാസത്തിൽ ആരംഭിക്കുന്നു. രൂപതാതല സുവിശേഷസംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്നവരുടെ പേരുകൾ ബഹുമാനപ്പെട്ട അച്ചന്മാർ അറിയിക്കുമല്ലോ.

### കുട്ടികളുടെ സുവിശേഷസംഘം

വിശുദ്ധ ജീവിതം നയിക്കാൻ ആഗ്രഹിക്കുകയും അതിനായി സ്വയം സമർപ്പിക്കുയം ചെയ്യുന്ന കുട്ടികളുടെ വിശുദ്ധീകരണ പ്രസ്ഥാനമാണ് കുട്ടികളുടെ സുവിശേഷസംഘം. ഈ വർഷം മൂവാറ്റുപുഴ രൂപത കുട്ടികളുടെ സുവിശേഷസംഘം രൂപീകരിക്കാൻ ആഗ്രഹിക്കുന്നു. 7–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സു വരെയുള്ള കുട്ടികളായിരിക്കും ഇതിലെ അംഗങ്ങൾ. കുട്ടികളുടെ സുവിശേഷ സംഘത്തിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുകൾ ബഹു. അച്ചന്മാർ അറിയിക്കുമല്ലോ.

# എം.സി.എ. വാർത്തകൾ

### 22–ാം ആഗോള അൽമായ സംഗമം മൂവാറ്റുപുഴ

22–ാം ആഗോള അൽമായ സംഗമം ബാരിസ്റ്റർ ജോർജ് ജോസഫ് നഗറിൽ(മൂവാറ്റുപുഴ രൂപതാ കാര്യാലയത്തിൽ) വച്ച് 2019 ഫെബ്രുവരി 2–ാം തിയതി സി.ബി.സി.ഐ. വൈസ്സ്. പ്രസിഡന്റ് അഭിവന്ദ്യ. ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്ത ഉദ്ഘാടനം ചെയ്തു. MCA സഭാതല പ്രസിഡന്റ് ശ്രി. മോൻസൺ.കെ. മാത്യു അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് മൂവാറ്റുപുഴ രൂപത വികാരി ജനറൽ റൈറ്റ്.റവ. മോൺ. വർഗീസ് കുന്നുംപുറത്ത് പതാക ഉയർത്തി. എം. സി.എ വൈദിക ഉപദേഷ്ടാവ് റവ. ഫാ. ജോൺ അരിക്കൽ M C A പ്രാർത്ഥന ശുശ്രൂഷ നിർവ്വഹിച്ചു.ശ്രീ ബാബുകല്ലുങ്കൽ സ്വാഗതവും, K.C.F സംസ്ഥാന പ്രസിഡന്റ് ശ്രീ.ജോസഫ് P.K ആശംസകൾ അർപ്പിക്കുകയും ശ്രീ. N.Tജേക്കബ് ഉദ്ഘാടനസമ്മേളനത്തിന് കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് കാതോലിക്കബാവ അനുസ്മരണ പ്രഭാഷണം പാറശാല ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ യൗസേബിയൂസ് മെത്രാപ്പോലിത്ത നിർവ്വഹിച്ചു. തുടർന്ന് “കേരള നവോത്ഥാന ചരിത്രവും പശ്ചാത്തലവും” എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത ദൈവശാസ്ത്രജ്ഞനും, തലശ്ശേരി അതിരൂപത സഹായമെത്രാനുമായ മോസ്റ്റ്. റവ. ഡോ. ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പ്രൗഢമായ പ്രഭാഷണവും നടത്തി.

K.M.R.M മാർ ബസേലിയസ് വിദ്യാശ്രീ പുരസ്കാരം മൂവാറ്റുപുഴ രൂപത സഹായ മെത്രാൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവിനാൽ നിർവ്വ

ഹിക്കപ്പെട്ടു. മികച്ച അദ്ധ്യാപകർക്കുള്ള Dr. രാധാകൃഷ്ണൻ അവാർഡ് കരസ്ഥമാക്കിയ ശ്രീ. M.K ഗിവർഗ്ഗീസിനും, ഭാര്യ വൽസമ്മ ഗിവർഗ്ഗീസിനും M.C.A നൽകിയ അവാർഡ് അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർ തെയഡോഷ്യസ് മെത്രാപ്പോലിത്ത നൽകി ആദരിച്ചു. അൽമായ കമ്മീഷൻ സെക്രട്ടറി ഡോ. തോമസുകുട്ടി പനച്ചയ്ക്കൽ ആശംസകളർപ്പിച്ചു. ആഗോള അൽമായ സംഗമത്തിന് നേതൃത്വം നൽകിയത് M.C.A മൂവാറ്റുപുഴ രൂപത പ്രസിഡന്റ് ശ്രീ. N.T ജേക്കബ്, ശ്രീ ഷിബു പനിച്ചിക്കൽ, ശ്രീ ജോർജ്കുട്ടി വി.സി, ശ്രീ K.M ഫിലിപ്പ് കടവിൽ, ശ്രീ. അലക്സാണ്ടർ P.C. , ശ്രീ T. D. ജോർജ്കുട്ടി, ശ്രീ.എബ്രാഹം പതാലിൻ, ശ്രീമതി ഷീല അലക്സ്, ശ്രീമതി മേരി കുര്യൻ എന്നിവരാണ്.

**പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

അപ്രതീക്ഷിതമായി കേരളത്തെ വിഴുങ്ങിയ പ്രളയത്തിൽ ദുരിതമനുഭവിച്ചവരുടെ കൂടെ നിന്ന് സഹായ ഹസ്തമേകുവാൻ എം.സി.എ. ക്ക് കഴിഞ്ഞു. പിറവം, കളമ്പൂർ, രാമമംഗലം, പുത്തൃക്ക, മുരിങ്ങൂർ, ആലുവ എന്നിവിടങ്ങളിൽ അത്മായർ സജീവമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒറ്റപ്പെട്ടുപോയവരെ രക്ഷിക്കുന്നതിനു, ഭക്ഷണവും, മരുന്നും, താമസിക്കാനുള്ള ഇടവും നൽകി ദുരിതബാധിതരെ സഹായിക്കുവാൻ കഴിഞ്ഞു. അഞ്ചുലക്ഷത്തിലധികം രൂപ ഇതിനായി അത്മായർ കണ്ടെത്തി രൂപതയുടെ പ്രവർത്തനത്തോടു ചേർന്നുനിന്നും എന്നുള്ളതും എടുത്തു പറയേണ്ടവയാണ്. പ്രവർത്തനങ്ങളിൽ സഹായിച്ച, സഹകരിച്ച ഏവർക്കും നന്ദി.

**നവോത്ഥാനത്തിൽ ക്രൈസ്തവരുടെ പങ്ക് മറയ്ക്കുന്നു. എം.സി.എ. അൽമായ സംഗമം**

കേരള നവോത്ഥാനത്തിൽ ക്രൈസ്തവ സഭകൾ നൽകിയ സംഭാവനകളെ തമസ്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.) ആഗോള അൽമായ സംഗമം. ഇത്തരം ശ്രമങ്ങളെ അസോസിയേഷൻ സഭാതല സമിതി പ്രമേയത്തിൽ അപലപിച്ചു.

അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിച്ചതും പള്ളിക്കൂടങ്ങൾ സ്ഥാപിച്ചതും അച്ചടിശാലകൾ തുടങ്ങിയതും മലയാള ഭാഷയ്ക്കു വ്യാകരണ ഗ്രന്ഥം രചിച്ചതും ആതുരാലയങ്ങൾ തുടങ്ങിയതും ക്രൈസ്തവ സമൂഹമാണെന്നു യോഗം അഭിപ്രായപ്പെട്ടു. ഇത്തരം സംഭാവനകൾ വിസ്മരിക്കപ്പെടുകയാണെന്നും കുറ്റപ്പെടുത്തി.

അൽമായ സംഗമം സി.ബി.സി.ഐ. വൈസ് പ്രസിഡന്റ് ബിഷപ് ഡോ. ജോഷാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. എം.സി.എ. പ്രസിഡന്റ് മോൻസൻ കെ. മാത്യു അധ്യക്ഷനായിരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ഒന്നാം കാതോലിക്ക ബാവാ സിറിൽ മാർ ബസേലിയോസ് അനുസ്മരണ പ്രഭാഷണം ഡോ. തോമസ് മാർ യൗസേബിയോസ് നിർവ്വഹിച്ചു. കേരള നവോത്ഥാനം ചരിത്രവും പശ്ചാത്തലവും എന്ന വിഷയത്തിൽ മാർ ജോസഫ് പാംപ്ലാനി പ്രസംഗിച്ചു.

പി.കെ. ജോസഫ്, മോൺ. വർഗീസ് കുന്നുംപുറത്ത്, ഫാ. ജോൺ അരീക്കൽ, ബാബു കല്ലിങ്കൽ, സണ്ണി ജോർജ്, തോമസ്കുട്ടി പനച്ചിക്കൽ, എൻ.ടി. ജേക്കബ്, ഷിബു പനച്ചിക്കൽ, വി.സി. ജോർജുകുട്ടി, ഫിലിപ്പ് കടവിൽ, എബ്രഹാം പട്ടനി എന്നിവർ പ്രസംഗിച്ചു.

# സത്യപ്രതിജ്ഞ 9-02-2019 ഓണക്കൂർ

ഓണക്കൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ വച്ച് അഭിവന്ദ്യ ഏബ്രാഹം മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ മുൻപാകെ MCA രൂപത സമിതി സത്യപ്രതിജ്ഞ ചെയ്തു. ശ്രീ. വി.സി. ജോർജ്കുട്ടിയുടെ നേതൃത്വത്തിലുള്ള ഭരണ സമിതി അധികാരമേറ്റു.

**2018-2020 വർഷത്തെ ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.വി.സി. ജോർജ്കുട്ടി |
| വൈസ് പ്രസിഡന്റ് | ശ്രീമതി ലീന സമ്പത്ത് |
| വൈസ്പ്രസിഡന്റ് | ശ്രീ. കെ.എം. ഗീവർഗീസ് |
| സെക്രട്ടറി | ശ്രീ. ഉമ്മൻ ശങ്കരമംഗലം |
| ട്രഷറാർ | ശ്രീ. സജി താന്നിക്കൽ |
| എക്സിക്യൂട്ടീവ്സ് | ശ്രീമതി മേരി കുര്യൻ |
| | ശ്രീ. റ്റി.ഡി. ജോർജ്കുട്ടി |
| | ശ്രീ. ഫിലിപ്പ് കടവിൽ |
| | ശ്രീമതി ഷീല അലക്സ് |
| | ശ്രീ. കെ.റ്റി. കുര്യാക്കോസ് |

**സംയുക്ത മാനേജിംഗ് കമ്മിറ്റി 9-02-2019 ഓണക്കൂർ**

ഓണക്കൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് സത്യപ്രതിജ്ഞക്കുശേഷം സംഘടിപ്പിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റി മീറ്റിംഗിൽ വച്ച് മുൻ പ്രസിഡന്റ് ശ്രീ. എൻ.റ്റി. ജേക്കബ് ഞാറക്കാട്ട് പുതിയ പ്രസിഡന്റ് ശ്രീ. വി.സി. ജോർജ് കുട്ടിക്ക് ഭരണഘടനയും പതാകയും കൈമാറി. ഭരണകൈമാറ്റം നടത്തപ്പെട്ടു.

**സഭാതല അസംബ്ലി ഫെബ്രുവരി 16 തിരുവനന്തപുരം**

തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്ന സഭാതല അസംബ്ലിയിൽ മൂവാറ്റുപുഴയിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. രൂപതയുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ വച്ച് നടന്ന സഭാതല തിരഞ്ഞെടുപ്പിൽ സഭാതല വൈസ് പ്രസിഡന്റായി ശ്രീ. ജേക്കബ് ഞാറക്കാട്ടിനെ തെരഞ്ഞെടുത്തു. ശ്രീ. ജേക്കബ് ഞാറക്കാട്ടിലിന് മൂവാറ്റുപുഴ രൂപതയുടെ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

# എം.സി.വൈ.എം. വാർത്തകൾ

**ബോന വെന്തൂരാ- 2018**

**ഭദ്രാസന യുവജന സംഗമവും സുവർണ്ണജൂബിലി ആഘോഷവും**

പിറവം മേഖലയുടെ ആതിഥേയത്വത്തിൽ നവംബർ 18 ന് വി. കുർബ്ബാനയോടു കൂടി രൂപതയുടെ യുവജനസംഗമം ആരംഭിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ബിച്ചു കുര്യൻ പതാക ഉയർത്തുകയും മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രാഹം മാർ ജൂലിയോസ് തിരുമേനി എം.സി.വൈ.എം. ഗോൾഡൻ ജൂബിലി ലോഗോ വാനിലേക്കുയർത്തുകയും ചെയ്തു. തുടർന്ന് നടന്ന പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാ

ടനം ചെയ്തു. എം.സി.വൈ.എം. ദുബായ് റീജിയൻ നൽകുന്ന സ്കോളർഷിപ്പ് തുക രൂപതയിലെ യുവജനങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.

**പുനരൈക്യ പ്രവർത്തനങ്ങൾ**

88-ാമത് പുനരൈക്യ ദിനാഘോഷവും സഭാസംഗമവും മൂവാറ്റുപുഴ ഭദ്രാസനത്തിൽ നടക്കാനിരിക്കെ എം.സി.വൈ.എം. ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പുനരൈക്യ പോസ്റ്ററുകളും കലണ്ടറും തയ്യാറാക്കി ഇടവകയിൽ എത്തിച്ചു.

**പെനുവേൽ 2018 മാഗസിൻ രണ്ടാം ഭാഗം**

എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസന മാഗസിൻ പെനുവേലിന്റെ രണ്ടാംഭാഗം 2018 നവംബർ 10 ന് മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രാഹം മാർ ജൂലിയോസ് തിരുമേനി പ്രകാശനം ചെയ്തു.

**മൊബൈൽ ആപ്ലിക്കേഷൻ**

രൂപതയുടെ യുവജന മുന്നേറ്റത്തിന്റെ ചരിത്രവും വിവരങ്ങളും രൂപത, മേഖല ഭാരവാഹികളുടെ എല്ലാവിധ വിവരങ്ങളും പ്രവർത്തനങ്ങളും ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി.

**വാർഷിക സെനറ്റ്**

2017-18 വർഷത്തിലെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി 2018 ഡിസംബർ 8 ന് ജെല്ലിപ്പാറ സെൻര് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് വാർഷിക സെനറ്റ് നടത്തപ്പെട്ടു. 5 മേഖലകളുടെയും പ്രവർത്തനറിപ്പോർട്ടുകൾ വായിക്കുകയും ഭദ്രാസന സമിതിയുടെ സംക്ഷിപ്ത വാർഷിക റിപ്പോർട്ട് വായിക്കുകയും പുതിയ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**അഭിനന്ദനങ്ങൾ**

എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മീഡിയ കമ്മിറ്റി ചെയർമാനായി ശ്രീ. റെയ്സൺ കുര്യാക്കോസിനെ തിരഞ്ഞെടുത്തു.

കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറിയായി മൂവാറ്റുപുഴ ഭദ്രാസനാംഗം ശ്രീ. ബിജോ പി. ബാബുവിനെ തിരഞ്ഞെടുത്തു.

**രൂപത അസംബ്ലി ഫെബ്രുവരി 3 മൂവാറ്റുപുഴ**

2019 ഫെബ്രുവരി 3-ാം തീയതി സംഘടിപ്പിച്ച എം.സി.എ. ഭദ്രാസന അസംബ്ലി മൂവാറ്റുപുഴ രൂപതയുടെ കോ-അഡ്ജ്ത്തോർ ബിഷപ്പ് അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർ തിയഡോഷ്യസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. എം.സി.എ. വൈദീക ഉപദേഷ്ടാവും രൂപത വികാരി ജനറലുമായ മോൺ. വർഗീസ് കുന്നുംപുറം ആമുഖ പ്രഭാഷണം നടത്തി. എം.സി.എ. രൂപത പ്രസിഡന്റ് ശ്രീ. ജേക്കബ് ഞാറക്കാട്ട് സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചു. രൂപത റിപ്പോർട്ട് ശ്രീ. ഷിബു പനിച്ചിക്കൽ അവതരിപ്പിച്ചു. തുടർന്ന് 2019-20 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. ബഹുമാനപ്പെട്ട മോൺ. വർഗീസ് കുന്നുംപുറത്തിന്റെ നേതൃത്വത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

# ബിഷപ്പ്സ് ഡയറി

## ജനുവരി

1 തിരുവനന്തപുരം
2 മോറാൻ മോർ കാർഡിനൽ ക്ലിമിസ് ബാവാതിരുമേനിയുടെ നാമഹേതു തിരുനാൾ, തിരുവനന്തപുരം
3 വിവാഹം, ചിങ്ങവനം
4 ശതാബ്ദി ആഘോഷം, MGD സ്കൂൾ, പുതുശ്ശേരി
5 വിവാഹം, ചീരകത്തോട്ടം.
6 ഇടയസന്ദർശനം, ചക്കുണ്ട്.
7 വിവാഹം, സെന്റ് ജോൺസ് കത്തീഡ്രൽ, തിരുവല്ല.
9 കൺവൻഷൻ ഉദ്ഘാടനം, വരാപ്പുഴ
12 ടീച്ചേഴ്സ് ഗിൽഡ്, പിറവം
13 പെരുന്നാൾ, പാമ്പാക്കുട
14 വി.കുർബാന, വടകോട്
15 മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ കുർബാന
16 ശ്രീ. ടോമി കടവിലിന്റെ 25.ാം വിവാഹ വാർഷികാഘോഷം, പൂതൃക്ക
17 ചെങ്ങരൂർ സ്കൂൾ ആനിവേഴ്സറി.
23 മാമ്മോദീസ, മൂവാറ്റുപുഴ കത്തീഡ്രൽ
24 രാവിലെ 10.30 ഫാ.ജേക്കബ് കുട്ടപ്ലാക്കലിന്റെ 40.ാം ചരമദിനം വൈകുന്നേരം 5.00 ആനിവേഴ്സറി, വിമലഗിരി ഇന്റർനാഷണൽ സ്കൂൾ, മൂവാറ്റുപുഴ.
25 സെമിനാർ, തിരുവനന്തപുരം സെമിനാരി
26 ഫാ. ജോൺസൺ കൈമലയുടെ പൗരോഹിത്യ ജൂബിലി ആഘോഷം, അഞ്ചൽ.
27 ഇടയസന്ദർശനം, കളപ്പാറ.
28 രാവിലെ 10.00 പിറവം സ്കൂൾ ആനിവേഴ്സറി.

## ഫെബ്രുവരി

10 ഇടയസന്ദർശനം, ഓണക്കൂർ
16 ഓർമ്മകുർബാന ഫാ. സ്റ്റാനിസ്ലാവോസ്കോസ് കാക്കനാട്ട്
17 ഇടയസന്ദർശനം, കട്ടിലപൂവം
18,19 വൈദിക അസംബ്ലി, തിരുവനന്തപുരം.
21 രാവിലെ 11.00 പ്രളയദുരിതർക്ക് ഉള്ള സഹായ വിതരണം, മൂവാറ്റുപുഴ
24 ഇടയസന്ദർശനം, പീച്ചി

28 രാവിലെ 10.30 ചെങ്ങനാശ്ശേരി.

## മാർച്ച്

1 വി. കുർബാന, നിറാമുകൾ

3 ഇടയസന്ദർശനം, കിണത്തുകടവ്

7 ബൈബിൾ അപ്പസ്തോലേറ്റ്, മൂവാറ്റുപുഴ.

11-15 സിനഡ്, തിരുവനന്തപുരം.

19 കോയമ്പത്തൂർ

22 വൈകുന്നേരം 4.30 ഇളനാട് സ്കൂൾ ജൂബിലി

23 റവ. മദർ ഗ്ളാഡിസ് S.I.C നാമഹേതുക തിരുനാൾ
രാവിലെ 11.00 ബൈബിൾ ക്ലാസ്സ്. മോറിയ ധ്യാനകേന്ദ്രം, കാക്കനാട്.

27-28 നോമ്പുകാലധ്യാനം- പീച്ചി

# ആദരാഞ്ജലികൾ...



## റവ. ഫാ. ജേക്കബ് കുട്ടപ്ലാക്കിൽ

ആചാര്യേശാ, മ്ശിഹാ, കൂദാ – ശകളർപ്പിച്ചോ
രാചാര്യന്മാർക്കേകുക പുണ്യം, നാഥാ സ്തോത്രം



പരി. സിനഡ് മൂവാറ്റുപുഴയിൽ